**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2075** **14-10-2024 - ൽ മറുപടിയ്ക്ക്**

**എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കേരളാ പോലീസ് അക്കാദമിയിൽ എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് നടത്തുന്നതിന് കാലിക്കറ്റ് സർവകലാശാലയുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാലാവധി എന്നുവരെയാണ്; കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ അത് പുതുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളാ പോലീസ് അക്കാദമിയിൽ എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് നടത്തുന്നതിന് കാലിക്കറ്റ് സർവകലാശാലയുമായി 29-07-2019-ൽ ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. ധാരണാ പത്രത്തിന്റെ കാലാവധി അഞ്ച് വർഷമായിരുന്നു. ആയത് 29-07-2024-ൽ അവസാനിച്ചു. കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് ഈ ധാരണാ പത്രം പ്രകാരം പോലീസ് വകുപ്പിനുണ്ടായ നേട്ടങ്ങളെക്കുറിച്ച് വിശകലനം ചെയ്തു വരുന്നു. പ്രസ്തുത വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം യഥാസമയം കൈക്കൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത കോഴ്സ് പ്രോഗ്രാമിൽ പോലീസ് ഉദ്യോഗസ്ഥർക്ക് വേണ്ടി നീക്കിവച്ചിട്ടുള്ള സീറ്റുകൾ എത്രയാണ്; ധാരണാപത്രം ഇല്ലാത്തതിനാൽ പോലീസ് ഉദ്യോഗസ്ഥർക്ക് അഡ്മിഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ; | (ബി) | ധാരണാ പത്രം നിലവിലുണ്ടായിരുന്ന കാലയളവിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ അഞ്ച് പോലീസ് ഉദ്യോഗസ്ഥരെയാണ് തെരഞ്ഞെടുത്തിരുന്നത്. |
| (സി) | പ്രസ്തുത ധാരണാപത്രത്തിന്റെ കാലാവധി അവസാനിച്ചതുകൊണ്ട് കേരളാ പോലീസ് അക്കാദമിയെ കാലിക്കറ്റ് സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി തുടരുവാനുള്ള നടപടി പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ? | (സി) | കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് ഈ ധാരണാ പത്രം പ്രകാരം പോലീസ് വകുപ്പിനുണ്ടായ നേട്ടങ്ങളെക്കുറിച്ച് വിശകലനം ചെയ്തു വരുന്നു. പ്രസ്തുത വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം യഥാസമയം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ